(എഫ്) ഈ റാങ്ക്‌ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചു; ആ റാങ്ക്‌ലിസ്റ്റ് എത്ര കാലം നിലവിലിരുന്നു;

(ജി) പി. എസ്. സി.-യുടെ റാങ്ക്‌ലിസ്റ്റുകൾ 3 വർഷത്തേക്കെങ്കിലും നിലവിലിരിക്കുകയും അക്കാലത്ത് ഉണ്ടാകാവുന്ന വേക്കൻസികളുടെ മുന്നിരട്ടിയെങ്കിലും ആളുകളെ റാങ്ക് ലിസ്റ്റിൽ ചേർക്കുകയും ചെയ്യുന്നതിനുവേണ്ട ഏർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ—ജി) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ നടപടി

22 [22] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണകുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 31-ന് കാലാവധി തീർന്ന പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നടപടി ഏതുഘട്ടംവരെയായി എന്നറിയിക്കാമോ;

(സി) 2004 ഡിസംബർ 31-ന് കാലാവധി പൂർത്തിയാക്കുന്ന പി. എസ്. സി. ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്നറിയിക്കാമോ;

(ഡി) 2004 ഡിസംബർ 31-നകം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള എത്ര ഒഴിവുകൾ വിവിധ വകുപ്പുകളിൽ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) 2005 മാർച്ച് 31-നകം കാലാവധി അവസാനിക്കുന്ന പി. എസ്. സി. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി 2005 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്ന കാര്യം പി. എസ്. സി.-യോട് ശുപാർശ ചെയ്യാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പി. എസ്. സി. യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. നിയമന ചട്ടങ്ങൾ

23 [23] പ്രൊഫ. കെ. വി. തോമസ്:

ശ്രീ. സി. പി. മുഹമ്മദ്:

,, വി. ഡി. സതീശൻ:

,, എം. എ. ചന്ദ്രശേഖരൻ:

.. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പി. എസ്. സി. വഴിയുള്ള ഉദ്യോഗനിയമനം സംബന്ധിച്ച് അപേക്ഷ ക്ഷണിക്കൽ, അപേക്ഷ പരിശോധിക്കൽ, എഴുത്തുപരീക്ഷ നടത്തൽ, ഇന്റർവ്യൂ, റാങ്ക്‌ലിസ്റ്റ് ഉണ്ടാക്കൽ മുതലായ പ്രധാന കാര്യങ്ങളെ സംബന്ധിച്ച് ചട്ടങ്ങളോ മാർഗ്ഗ നിർദ്ദേശങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ;

(ബി) എങ്കിൽ അവയുടെ പ്രാബല്യം എന്നുമുതൽ;

(സി) ഇവ നിലവിലില്ലാത്ത സംഗതികളിൽ കീഴ്‌വഴക്കത്തിന് നിയമപ്രാബല്യ മുണ്ടോ;

(ഡി) എങ്കിൽ കീഴ്‌വഴക്കങ്ങൾ ലംഘിക്കുന്ന സംഗതിയിൽ പൊതുജനത്തിന് അത് സംബന്ധിച്ച വിവരം നൽകാതെ ഓരോ കാര്യത്തിലും നടപടി നടത്തുവാൻ പി. എസ്. സി.-ക്ക് അധികാരമുണ്ടോ;

(ഇ) നിലവിലുള്ള പി. എസ്. സി. ചെയർമാൻ അധികാരമേറ്റശേഷം മേൽപ്പറഞ്ഞ കാര്യങ്ങളിൽ കീഴ്‌വഴക്കം ലംഘിച്ച എത്ര സന്ദർഭങ്ങളുണ്ടായിട്ടുണ്ട്;

(എഫ്) നിയമനം സംബന്ധിച്ച നടപടിക്രമങ്ങളുടെ ചട്ടങ്ങളുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ—എഫ്) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. അംഗസംഖ്യ

24 [24] ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിൽ എത്ര അംഗങ്ങൾ തുടക്കത്തിൽ ഉണ്ടാ യിരുന്നു; ഓരോ സന്ദർഭത്തിലും കമ്മീഷൻ അംഗങ്ങളുടെ കാര്യത്തിൽ വന്ന വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പി. എസ്. സി. അംഗങ്ങളുടെ എണ്ണം ഇപ്പോൾ വർദ്ധിപ്പിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) അതിന് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly